# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2876 | 20.03.15 ൽ - മറുപടിക്ക്

## റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

**ചോദ്യം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടി ഏതുഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കുമോ;

(എ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലും എറണാകുളം ജില്ലയിലും മോഡൽ പൈലറ്റ് പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 14 റേഷൻകടകളിലും എറണാകുളം ജില്ലയിലെ 8 റേഷൻകടകളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. ഇതോടൊപ്പം പ്രസ്തുത റേഷൻകടകൾ അറ്റാച്ച് ചെയ്തിട്ടുള്ള മൊത്തവ്യാപാരഡിപ്പോകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ റേഷൻകടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കടകളിൽ സ്ഥാപിക്കേണ്ട ഇ-പോസ് മെഷീനുകൾ പരിശോധന നടത്തുന്നതിനു വേണ്ടി ടെസ്റ്റ് ഡോക്യുമെന്റ് തയ്യാറിക്കിയിട്ടുണ്ട്. മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി എൻ.ഐ.സി. യുടെ CAS (Common Application Software) സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ആയതു സംബന്ധിച്ച് ഡൽഹി എൻ.ഐ.സി.യുമായി ചർച്ച നടത്തി വരുന്നു.

(ബി) കമ്പ്യൂട്ടർവൽക്കരണത്തിലൂടെ പൊതുവിതരണ സംവിധാനത്തിൽ സംഭവിക്കാവുന്ന മാറ്റം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) കമ്പ്യൂട്ടർവൽക്കരണം പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ കഴിയുന്നതോടൊപ്പം തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. റേഷൻകടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ

വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, വാഹനങ്ങളുടെ സഞ്ചാരം, തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരുന്നതോടൊപ്പം റേഷൻ വ്യാപാരികളുടെ കമ്മീഷനും മറ്റാനുകൂല്യ ങ്ങളും യഥാസമയം വിതരണം ചെയ്യാൻ സാധിക്കും.

(സി) റേഷൻ കാർഡുകളുടെ പരിഷ്കരണം വഴി ലക്ഷ്യമിടുന്നത് എന്താണെന്ന് വിശദമാക്കുമോ ?

(സി) റേഷൻ കാർഡുകളുടെ പരിഷ്കരണം വഴി ലക്ഷ്യമിടുന്നത് മുഴുവൻ ജനതയുടെയും ആധാർ വിവരങ്ങളും കാർഡുടമകളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളും മറ്റും ഉൾപ്പെട്ട ഒരു സമഗ്ര ഡാറ്റാ ബേസ് ഉണ്ടാക്കുന്നതിനും അതോടൊപ്പം ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിനായി മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമ-കളെ കണ്ടെത്തുന്നതിനുമാണ്. അർഹത-യുള്ളവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും അർഹതയില്ലാത്ത-വരെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും സഹായിക്കുന്ന വിവരങ്ങളും കാർഡ് പുതുക്കലിനു വേണ്ടി നൽകിയ ഫോറത്തിലൂടെ ശേഖരിക്കുന്നുണ്ട്. ആധാർ വിവരങ്ങൾ ' ശേഖരിക്കുന്നതിലൂടെ യഥാർത്ഥ ഗുണഭോക്താവിനു മാത്രം റേഷൻ വിതരണം സാദ്ധ്യമാക്കുക (ബയോ മെട്രിക് വാലിഡേഷൻ മുഖാന്തിരം) എന്നതും ഒന്നിലേറെ കാർഡുകളിൽ ഉൾപ്പെട്ടവരെ ഒഴിവാക്കാനും സാധിക്കും.

*സെക്ഷൻ ഓഫീസർ*